നമ്പർ എൽ.എഫ്.12066/സ്പെ.സെൽ/സി.എസ്.സി/സി3/2014.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
ഫോൺ: 0471- 2303640
ഇ-മെയിൽ; localfundauditdlfa@yahoo.in
തിയതി;- 03.12.2014.

ഡയറക്ടർ,
ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ്,
തിരുവനന്തപുരം

എല്ലാ സബ് ഓഫീസ് മേധാവികൾക്കും

സർ

വിഷയം;- ലോക്കൽ ഫണ്ട് ഓഡിറ്റ് - ചാർജ്/സർച്ചാർജ് നടപടികൾക്കായി ശുപാർശകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന;- ഈ ഓഫീസിൽ നിന്നും 14.08.2014 ൽ പുറപ്പെടുവിച്ച സർക്കുലർ നം.15/2014.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സബ് ഓഫീസുകളിൽ നിന്നും ചാർജ്/സർച്ചാർജ് നടപടികൾ സ്വീകരിക്കന്നതിനായി സമർപ്പിക്കപ്പെടുന്ന ശുപാർശകൾ കുറ്റമറ്റതും നിയമപരമായി നിലനിൽക്കുന്നതുമാക്കിതീർക്കുവാൻ വേണ്ടി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

2015-ാം വർഷം ജനുവരി 1 മുതൽ ചാർജ്/സർച്ചാർജ് നടപടികൾക്കായി സമർപ്പിക്കപ്പെടുന്ന ശുപാർശകളോടൊപ്പം താഴെപ്പറയുന്ന വിശദാംശങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

1. 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 22 പ്രകാരമുള്ള, ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേര്, വിലാസം, അവർ ബന്ധപ്പെട്ട സ്ഥാപനത്തിൽ ഓഡിറ്റ് ചെയ്യപ്പെടുന്ന കാലയളവിൽ ഉത്തരവാദിത്തം വഹിച്ചിരുന്നു എന്നിവ വെളിപ്പെടുത്തുന്ന, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേലധികാരി സാക്ഷ്യപ്പെടുത്തിയ രേഖ.
2. ചാർജ്/സർച്ചാർജ് ശുപാർശകൾ സമർപ്പിക്കുമ്പോൾ നിയമം അനുശാസിക്കുന്ന സമയപരിധി പാലിച്ചു എന്നുറപ്പുവരുത്തേണ്ടതാണ്.
3. ചാർജ്/സർച്ചാർജ് ശുപാർശയോടൊപ്പം ഹാജരാക്കുന്ന ഖണ്ഡികകളുടെ പകർപ്പുകൾ പിഴവുമുക്തമാണ് എന്ന് സബ്ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
4. മറുപടികളുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ടിനോടൊപ്പം കക്ഷിയെ നേരിട്ട് കേട്ടതിന്റെ ഹാജർപ്പട്ടിക, ഹാജരാക്കിയ രേഖകൾ, സ്ഥലപരിശോധന നടത്തിയെങ്കിൽ ആയതിന്റെ പരിശോധനാ റിപ്പോർട്ട്, ബന്ധപ്പെട്ട കക്ഷിയുടെ വാദമുഖങ്ങൾ സ്വീകാര്യമാണ്/നിരാകരിക്കുന്നു എങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ,

ആർ.എസ്. 12.12.2014.